**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2240** **12-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പലവിധ കേസുകളുമായി ബന്ധപ്പെട്ട ആയിരകണക്കിന് വാഹനങ്ങൾ പിടിച്ചിട്ടിരിക്കുന്നത് മഴയും വെയിലും കൊണ്ട് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ പുറപ്പെടുവിച്ച 11.09.2018 ലെ ജി ഒ (പി) 60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്ത് വരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻഞ്ചിനീയർക്കും ചീഫ് എൻഞ്ചിനീയർക്കും ഏൽപ്പിച്ച് നൽകി 14.11.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്. |
| (ബി) | ഇത്തരം വാഹനങ്ങളിൽനിന്ന് വിലപിടിപ്പുള്ള വസ്തുക്കൾ മോഷ്ടിക്കാൻ വഴിയൊരുക്കുന്നതും ഇവയിൽ വിഷപ്പാമ്പടക്കമുള്ള ഇഴജന്തുക്കൾ താവളമാക്കുന്നത് മൂലം പൊതുജനങ്ങൾക്ക് ഭീഷണിയാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മറുപടി എ യിൽ നൽകിയിരിക്കുന്നു |
| (സി) | പ്രസ്തുത പ്രശ്ന പരിഹാരത്തിന് സർക്കാർ എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ; | (സി) | മറുപടി എ യിൽ നൽകിയിരിക്കുന്നു |
| (ഡി) | ഇത്തരത്തിൽ പിടിക്കപ്പെട്ട വാഹനങ്ങൾ കേസ് തീരുമ്പോൾ ഉപയോഗശൂന്യമായി ആക്രിക്ക് കൊടുക്കേണ്ട അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | കേസുകളിൽപ്പെട്ട വാഹനങ്ങളുടെ വേഗത്തിലുള്ള ഡിസ്പോസലിനായി കോടതിയിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനും എന്നിട്ടും അനുമതി ലഭിക്കാത്ത പക്ഷം ഇക്കാര്യം ബഹു ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുമതി നേടിയെടുക്കുന്നതിന്, കേസുകളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ സർക്കാരിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പല നിയമങ്ങൾ പ്രകാരവും വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനാൽ അതാത് നിയമങ്ങൾക്കനുസൃതമായാണ് കണ്ടുകെട്ടുകയോ ലേലം ചെയ്യുകയോ ചെയ്യുന്നത്. |
| (ഇ) | വിവിധ കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിന്റെ വില ട്രഷറിയിൽ ഒടുക്കി കേസ് തീരുമ്പോൾ ഉടമക്ക് ട്രഷറി വഴി നൽകുകയോ അല്ലെങ്കിൽ തുക സർക്കാരിലേക്ക് കണ്ടുകെട്ടുകയോ ചെയ്യുന്നതിന് നിയമം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | മറുപടി ഡി യിൽ നൽകിയിരിക്കുന്നു |

സെക്ഷൻ ഓഫീസർ